**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.ഹാരിസ് എസ് ,PEN:979661,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.Letter No.DMOH-KNR/6350/2024-A5 Dated:10.12.2024

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/3065/2025-EA3 Dated :12.12.2025

3.ഡോ.ഹാരിസ് എസ് സമർപ്പിച്ച അപേക്ഷ തീയതി 24.12.2025

**ഉത്തരവ് നം. DHS/3065/2025-EA3 തീയതി.13-04-2026**

ഡോ.ഹാരിസ് എസ് ,PEN:979661,അസിസ്റ്റന്റ് സർജൻ 12.02.2024 ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ കുടാളി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ 16.02.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു.

പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു.മനഃപൂർവ്വമായി സേവനത്തിൽ നിന്നും വിട്ടുനിന്നിട്ടില്ല എന്നും വ്യക്തിപരമായ കാരണങ്ങളാൽ 16.02.2024 മുതൽ അവധി അപേക്ഷ നൽകി അവധിയിൽ പ്രവേശിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്.എന്നാൽ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം ഡോ ഹാരിസ് എസ് (പെൻ : 979661) 16-02-2024 മുതൽ

05-08-2024 വരെയുള്ള ശമ്പളരഹിത അവധിക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ നൽകിയിരുന്നു. എന്നാൽ ഡോ. ഹാരിസ് .എസ് 16.02.2024 തിയ്യതി മുതൽ 05.08.2024 വരെയുള്ള 172 ദിവസത്തെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച ശൂന്യവേതന അവധി അപേക്ഷ രണ്ടാം വൈദ്യപരിശോധനക്ക് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിരുന്നു .തുടർന്ന് ടിയാളെ 02.07.2024 ന് കൊല്ലം ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ബോർഡിൽ ഹാജരാകുന്നതിന് അറിയിച്ചെങ്കിലും, ബോർഡിന് മുൻപാകെ ഹാജരായിട്ടില്ലെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .അതിനാൽ കാരണം കാണിക്കൽ നോട്ടീസിനു നൽകിയ മറുപടി തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

(2) ടി സാഹചര്യത്തിൽ 16.02.2024 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.ഹാരിസ് എസ് ,PEN:979661,അസിസ്റ്റന്റ് സർജൻ ന്റെ വർക്ക് ആൻ്റ് കോണ്ടക്റ്റ് തൃപ്തികരമല്ല.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ.ഹാരിസ് എസ് ,PEN:979661,അസിസ്റ്റന്റ് സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 13-04-2026
22:18:43

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

Dr.Haris S

Anas Manzil
Manjapara P.O
Ayoor
Kollam
PIN:691533

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കണ്ണൂർ

3. മെഡിക്കൽ ഓഫീസർ പ്രാഥമികാരോഗ്യകേന്ദ്രം കൂടാളി കണ്ണൂർ

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ